# കേരളാസ്റ്റേറ്റ് ചിൽഡ്രൻസ് എഡ്യുക്കേഷണൽ ഫിലിം ഫെസ്റ്റിവൽ - 2011

**Rules & Regulations**

1. വിദ്യാർത്ഥികൾ നിർമ്മിച്ച ചിത്രങ്ങൾ, വിദ്യാർത്ഥികൾക്കുവേണ്ടി നിർമ്മിച്ച ചിത്രങ്ങൾ എന്നീ രണ്ട് വിഭാഗങ്ങളിലായി ആയിരിക്കും മത്സരം നടക്കുക.

2. വിദ്യാർത്ഥികൾ നിർമ്മിച്ച ചിത്രങ്ങളെയും വിദ്യാർത്ഥികൾക്കുവേണ്ടി നിർമ്മിച്ച ചിത്രങ്ങളെയും പ്രൈമറി, സെക്കന്ററി, ഹയർസെക്കന്ററി, ബി.ആർ.സി (ബ്ലോക്ക് റിസോഴ്സ് സെന്റർ) എന്നീ നാല് വിഭാഗങ്ങളായി തിരിച്ചായിരിക്കും മത്സരം നടക്കുക.

3. വിദ്യാർത്ഥികൾ നിർമ്മിച്ച ചിത്രങ്ങളുടെ സ്ക്രിപ്റ്റ്, ഡയറക്ഷൻ, സെറ്റ് ഡിസൈനിംഗ്, നറേഷൻ എന്നിവ നിർബന്ധമായും വിദ്യാർത്ഥികൾ തന്നെ നടത്തിയവയായിരിക്കണം. ക്യാമറ വർക്ക്, എഡിറ്റിംഗ്, ഗ്രാഫിക്സ് - ആനിമേഷൻ എന്നിവയ്ക്ക് അതാതുമേഖലകളിലെ സാങ്കേതിക വിദഗ്ധരുടെ സഹായം സ്വീകരിക്കാവുന്നതാണ്.

4. സാമൂഹികം, വിദ്യാഭ്യാസപരം, പരിസ്ഥിതി, ഫിക്ഷൻ എന്നീ നാലു വിഭാഗങ്ങളിലുംപെട്ട ഫിലിമുകൾ മത്സരത്തിനായി അയക്കാവുന്നതാണ്.

5. വിദ്യാർത്ഥികൾ നിർമ്മിച്ച വിഭാഗത്തിലേക്ക് മത്സരത്തിനായി വീഡിയോ ചിത്രങ്ങൾ അയക്കുമ്പോൾ അവ വിദ്യാർത്ഥികൾ തന്നെ നിർമ്മിച്ചതാണെന്ന് ഹെഡ്മാസ്റ്ററിന്റെയോ പ്രിൻസിപ്പലിന്റെയോ മറ്റ് മേലധികാരികളുടെയോ സാക്ഷ്യപത്രം ഫിലിമിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

6. സ്ഥാപനങ്ങൾക്കും, വ്യക്തികൾക്കും മത്സരത്തിനായി ഫിലിമുകൾ അയക്കാവുന്നതാണ്.

7. വിദ്യാഭ്യാസ ചിത്രങ്ങളുടെ ദൈർഘ്യം പരമാവധി 30 മിനിട്ടുവരെ ആയിരിക്കണം. 30 മിനിട്ടിൽ കൂടുതലുള്ള ചിത്രങ്ങൾ ഒരു കാരണവശാലും മത്സരത്തിൽ ഉൾപ്പെടുത്തുന്നതല്ല.

8. മത്സരത്തിനായി അയക്കുന്ന ഫിലിമുകൾ 2011 ജനുവരി 1 നും 2011 സെപ്തംബർ 30 നും ഇടയിൽ നിർമ്മിച്ചവയായിരിക്കണം.

9. മുൻവർഷങ്ങളിൽ മത്സരത്തിനായി അയച്ച ചിത്രങ്ങൾ യാതൊരു കാരണവശാലും വീണ്ടും മത്സരത്തിനായി അയക്കാൻ പാടില്ല.

10. ഗവൺമെന്റ് - എയ്ഡഡ് - അംഗീകൃത അൺഎയ്ഡഡ് സ്കൂളുകൾക്ക് മത്സരത്തിന് ഫിലിമുകൾ അയക്കാവുന്നതാണ്.

11. ഇംഗ്ലീഷിലും മലയാളത്തിലും ഹിന്ദിയിലും തമിഴിലും നിർമ്മിച്ച പ്രോഗ്രാമുകൾ മത്സരത്തിനായി സ്വീകരിക്കുന്നതാണ്.

12. രണ്ട് ഡി.വി.ഡി കോപ്പിയോടൊപ്പം മിനി ഡി.വി. ഫോർമാറ്റിലാണ് മത്സരത്തിനായി ചിത്രങ്ങൾ അയക്കേണ്ടത്. ഇതിനോടൊപ്പം ചലച്ചിത്രത്തിന്റെ 5 സ്റ്റിൽ ഫോട്ടോയും, ചലച്ചിത്രത്തിന്റെ സിനോപ്സിസ് ഉൾപ്പെടെയുള്ള വിശദാംശങ്ങൾ വേഡ് സോഫ്റ്റ് വെയറിൽ എന്റർ ചെയ്ത് സി.ഡിയിലാക്കിയതും നിർബന്ധമായും അയക്കേണ്ടതാണ്.

13. കുട്ടികൾ നിർമ്മിച്ച നാല് വിഭാഗങ്ങളിൽ നിന്നും ഏറ്റവും മികച്ച ചിത്രത്തിന് ഒരു ലക്ഷം രൂപയും ചീഫ് മിനിസ്റ്റേഴ്സ് ട്രോഫിയും അവാർഡായി നൽകുന്നതാണ്.

14. കുട്ടികൾക്കുവേണ്ടി നിർമ്മിച്ച നാല് വിഭാഗങ്ങളിൽ നിന്നും ഏറ്റവും മികച്ച ചിത്രത്തിന് അൻപതിനായിരം രൂപയും എഡ്യൂക്കേഷൻ മിനിസ്റ്റേഴ്സ് ട്രോഫിയും അവാർഡായി നൽകുന്നതാണ്.

(Cont.......)

15. കേരളാ സ്റ്റേറ്റ് ചിൽഡ്രൻസ് ഫിലിം ഫെസ്റ്റിവലിൽ ഒന്നാം സ്ഥാനം ലഭിക്കുന്ന ചിത്രങ്ങളെ എൻ.സി.ഇ.ആർ.ടി നടത്തുന്ന ദേശീയ ചലച്ചിത്രമേളയിലേക്ക് തെരഞ്ഞെടുക്കുന്നതായിരിക്കും.

16. മത്സരത്തിനായി നൽകുന്ന ചിത്രങ്ങൾ വിക്ടേഴ്സ് ചാനൽ വഴി സംപ്രേക്ഷണം ചെയ്യുന്നതിനു താൽപര്യമുള്ളവർ അതിനുള്ള സമ്മതപത്രം അപേക്ഷയോടൊപ്പം നൽകേണ്ടതാണ്.

17. പൂർണ്ണമായും പൂരിപ്പിക്കാത്തതും തെറ്റായി പൂരിപ്പിച്ചതുമായ അപേക്ഷാഫോറം സ്വീകരിക്കുന്നതല്ല.

18. മത്സരത്തിനായി അയക്കുന്ന ചലച്ചിത്രങ്ങളിൽ പരസ്യങ്ങൾ ഉൾപ്പെടുത്തുന്നത് ശിക്ഷാർഹമാണ്.

19. അവസാനതീയതിക്ക് മുമ്പായി ഫിലിമുകൾ എസ്.ഐ.ഇ.ടി ഓഫീസിലേക്ക് അയക്കേണ്ടതാണ്. അവസാന തീയതി കഴിഞ്ഞു വരുന്ന ഫിലിമുകൾ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല.

20. ഫിലിമുകൾ അയക്കുന്നതിലേക്കായി എസ്.ഐ.ഇ.ടിയുടെ നിർദ്ദേശങ്ങൾ നിർബന്ധമായും പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

21. ഫിലിം, മീഡിയ, എഡ്യൂക്കേഷണൽ ടെക്നോളജി എന്നീ മേഖലകളിലെ പ്രഗത്ഭർ അടങ്ങിയതായിരിക്കും ഫെസ്റ്റിവൽ ജൂറി.

22. അപേക്ഷാഫോറവും മറ്റുവിശദവിവരങ്ങളും **www.sietkerala.org** എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്.

23. **മത്സരത്തിലേക്ക് ഫിലിമുകൾ അയക്കേണ്ട അവസാന തീയതി 2011 സെപ്തംബർ 30.**

24. ഫിലിമുകൾ അയക്കേണ്ട വിലാസം **ദി ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ ടെക്നോളജി (SIET), ടാഗോർ നഗർ, തൈയ്ക്കാട് പി.ഒ., തിരുവനന്തപുരം – 695014, ഫോൺ: 0471 2338541, 2338540.**

**ഡയറക്ടർ**
എസ്.ഐ.ഇ.ടി

തിരുവനന്തപുരം
28.07.2011

# അവാർഡുകൾ

കുട്ടികൾ നിർമ്മിച്ച നാല് വിഭാഗങ്ങളിൽ നിന്നും ഏറ്റവും മികച്ച ചിത്രത്തിന് ഒരു ലക്ഷം രൂപയും ചീഫ് മിനിസ്റ്റേഴ്സ് ട്രോഫിയും അവാർഡായി നൽകുന്നതാണ്. ഒരു ലക്ഷം രൂപ കരസ്ഥമാക്കുന്ന ചലച്ചിത്രത്തിന് ആ വിഭാഗത്തിലെ ഒന്നാം സമ്മാനമായ പതിനായിരം രൂപ ക്യാഷ് അവാർഡ് ലഭിക്കുന്നതല്ല.

**എ). കുട്ടികൾ നിർമ്മിച്ച പ്രൈമറി വിഭാഗം**

| | | |
|---|---|---|
| 1. മികച്ച ഒന്നാമത്തെ ചിത്രം | - | 10,000 രൂപ, ശിൽപം, സർട്ടിഫിക്കറ്റ് |
| 2. മികച്ച രണ്ടാമത്തെ ചിത്രം | - | 5,000 രൂപ, ശിൽപം, സർട്ടിഫിക്കറ്റ് |
| 3. മികച്ച മൂന്നാമത്തെ ചിത്രം | - | ശിൽപവും സർട്ടിഫിക്കറ്റും |
| 4. മികച്ച സംവിധായകൻ | - | 5,000 രൂപ, ശിൽപം, സർട്ടിഫിക്കറ്റ് |
| 5. മികച്ച തിരക്കഥാകൃത്ത് | - | 5,000 രൂപ, ശിൽപം, സർട്ടിഫിക്കറ്റ് |
| 6. മികച്ച ഛായാഗ്രഹണം | - | 5,000 രൂപ, ശിൽപം, സർട്ടിഫിക്കറ്റ് |
| 7. മികച്ച എഡിറ്റിംഗ് | - | ശിൽപവും, സർട്ടിഫിക്കറ്റും |
| 8. മികച്ച പശ്ചാത്തലസംഗീതം | - | ശിൽപവും, സർട്ടിഫിക്കറ്റും |
| 9. മികച്ച സൗണ്ട് റെക്കോർഡിംഗ് | - | ശിൽപവും, സർട്ടിഫിക്കറ്റും |
| 10. മികച്ച സെറ്റ് ഡിസൈനിംഗ് | - | ശിൽപവും, സർട്ടിഫിക്കറ്റും |
| 11. മികച്ച ഗ്രാഫിക്സ്/ആനിമേഷൻ | - | ശിൽപവും, സർട്ടിഫിക്കറ്റും |
| 12. മികച്ച ഡബ്ബിംഗ്/നറേഷൻ | - | ശിൽപവും, സർട്ടിഫിക്കറ്റും |

**ബി). കുട്ടികൾ നിർമ്മിച്ച സെക്കന്ററി വിഭാഗം**

| | | |
|---|---|---|
| 1. മികച്ച ഒന്നാമത്തെ ചിത്രം | - | 10,000 രൂപ, ശിൽപം, സർട്ടിഫിക്കറ്റ് |
| 2. മികച്ച രണ്ടാമത്തെ ചിത്രം | - | 5,000 രൂപ, ശിൽപം, സർട്ടിഫിക്കറ്റ് |
| 3. മികച്ച മൂന്നാമത്തെ ചിത്രം | - | ശിൽപവും സർട്ടിഫിക്കറ്റും |
| 4. മികച്ച സംവിധായകൻ | - | 5,000 രൂപ, ശിൽപം, സർട്ടിഫിക്കറ്റ് |
| 5. മികച്ച തിരക്കഥാകൃത്ത് | - | 5,000 രൂപ, ശിൽപം, സർട്ടിഫിക്കറ്റ് |
| 6. മികച്ച ഛായാഗ്രഹണം | - | 5,000 രൂപ, ശിൽപം, സർട്ടിഫിക്കറ്റ് |
| 7. മികച്ച എഡിറ്റിംഗ് | - | ശിൽപവും, സർട്ടിഫിക്കറ്റും |
| 8. മികച്ച പശ്ചാത്തലസംഗീതം | - | ശിൽപവും, സർട്ടിഫിക്കറ്റും |
| 9. മികച്ച സൗണ്ട് റെക്കോർഡിംഗ് | - | ശിൽപവും, സർട്ടിഫിക്കറ്റും |
| 10. മികച്ച സെറ്റ് ഡിസൈനിംഗ് | - | ശിൽപവും, സർട്ടിഫിക്കറ്റും |
| 11. മികച്ച ഗ്രാഫിക്സ്/ആനിമേഷൻ | - | ശിൽപവും, സർട്ടിഫിക്കറ്റും |
| 12. മികച്ച ഡബ്ബിംഗ്/നറേഷൻ | - | ശിൽപവും, സർട്ടിഫിക്കറ്റും |

**സി). കുട്ടികൾ നിർമ്മിച്ച സീനിയർ സെക്കന്ററി വിഭാഗം**

| | | |
|---|---|---|
| 1. മികച്ച ഒന്നാമത്തെ ചിത്രം | - | 10,000 രൂപ, ശിൽപം, സർട്ടിഫിക്കറ്റ് |
| 2. മികച്ച രണ്ടാമത്തെ ചിത്രം | - | 5,000 രൂപ, ശിൽപം, സർട്ടിഫിക്കറ്റ് |
| 3. മികച്ച മൂന്നാമത്തെ ചിത്രം | - | ശിൽപവും സർട്ടിഫിക്കറ്റും |
| 4. മികച്ച സംവിധായകൻ | - | 5,000 രൂപ, ശിൽപം, സർട്ടിഫിക്കറ്റ് |
| 5. മികച്ച തിരക്കഥാകൃത്ത് | - | 5,000 രൂപ, ശിൽപം, സർട്ടിഫിക്കറ്റ് |

| | | |
|---|---|---|
| 6. മികച്ച ഛായാഗ്രഹണം | - | 5,000 രൂപ, ശിൽപം, സർട്ടിഫിക്കറ്റ് |
| 7. മികച്ച എഡിറ്റിംഗ് | - | ശിൽപവും, സർട്ടിഫിക്കറ്റും |
| 8. മികച്ച പശ്ചാത്തലസംഗീതം | - | ശിൽപവും, സർട്ടിഫിക്കറ്റും |
| 9. മികച്ച സൗണ്ട് റെക്കോർഡിംഗ് | - | ശിൽപവും, സർട്ടിഫിക്കറ്റും |
| 10. മികച്ച സെറ്റ് ഡിസൈനിംഗ് | - | ശിൽപവും, സർട്ടിഫിക്കറ്റും |
| 11. മികച്ച ഗ്രാഫിക്സ്/ആനിമേഷൻ | - | ശിൽപവും, സർട്ടിഫിക്കറ്റും |
| 12. മികച്ച ഡബ്ബിംഗ്/നറേഷൻ | - | ശിൽപവും, സർട്ടിഫിക്കറ്റും |

**ഡി). <u>കുട്ടികൾ നിർമ്മിച്ച ബി.ആർ.സി വിഭാഗം</u>**

| | | |
|---|---|---|
| 1. മികച്ച ഒന്നാമത്തെ ചിത്രം | - | 10,000 രൂപ, ശിൽപം, സർട്ടിഫിക്കറ്റ് |
| 2. മികച്ച രണ്ടാമത്തെ ചിത്രം | - | 5,000 രൂപ, ശിൽപം, സർട്ടിഫിക്കറ്റ് |
| 3. മികച്ച മൂന്നാമത്തെ ചിത്രം | - | ശിൽപവും സർട്ടിഫിക്കറ്റും |
| 4. മികച്ച സംവിധായകൻ | - | 5,000 രൂപ, ശിൽപം, സർട്ടിഫിക്കറ്റ് |
| 5. മികച്ച തിരക്കഥാകൃത്ത് | - | 5,000 രൂപ, ശിൽപം, സർട്ടിഫിക്കറ്റ് |
| 6. മികച്ച ഛായാഗ്രഹണം | - | 5,000 രൂപ, ശിൽപം, സർട്ടിഫിക്കറ്റ് |
| 7. മികച്ച എഡിറ്റിംഗ് | - | ശിൽപവും, സർട്ടിഫിക്കറ്റും |
| 8. മികച്ച പശ്ചാത്തലസംഗീതം | - | ശിൽപവും, സർട്ടിഫിക്കറ്റും |
| 9. മികച്ച സൗണ്ട് റെക്കോർഡിംഗ് | - | ശിൽപവും, സർട്ടിഫിക്കറ്റും |
| 10. മികച്ച സെറ്റ് ഡിസൈനിംഗ് | - | ശിൽപവും, സർട്ടിഫിക്കറ്റും |
| 11. മികച്ച ഗ്രാഫിക്സ്/ആനിമേഷൻ | - | ശിൽപവും, സർട്ടിഫിക്കറ്റും |
| 12. മികച്ച ഡബ്ബിംഗ്/നറേഷൻ | - | ശിൽപവും, സർട്ടിഫിക്കറ്റും |

കുട്ടികൾക്കുവേണ്ടി നിർമ്മിച്ച നാല് വിഭാഗങ്ങളിൽ നിന്നും ഏറ്റവും മികച്ച ചിത്രത്തിന് അൻപതിനായിരം രൂപയും എഡ്യൂക്കേഷൻ മിനിസ്റ്റേഴ്സ് ട്രോഫിയും അവാർഡായി നൽകുന്നതാണ്. അൻപതിനായിരം രൂപ കരസ്ഥമാക്കുന്ന ചലച്ചിത്രത്തിന് ആ വിഭാഗത്തിലെ ഒന്നാം സമ്മാനമായ പതിനായിരം രൂപ ക്യാഷ് അവാർഡ് ലഭിക്കുന്നതല്ല.

**ഇ). <u>കുട്ടികൾക്കുവേണ്ടി നിർമ്മിച്ച പ്രൈമറി വിഭാഗം</u>**

| | | |
|---|---|---|
| 1. മികച്ച ഒന്നാമത്തെ ചിത്രം | - | 10,000 രൂപ, ശിൽപം, സർട്ടിഫിക്കറ്റ് |
| 2. മികച്ച രണ്ടാമത്തെ ചിത്രം | - | 5,000 രൂപ, ശിൽപം, സർട്ടിഫിക്കറ്റ് |
| 3. മികച്ച മൂന്നാമത്തെ ചിത്രം | - | ശിൽപവും സർട്ടിഫിക്കറ്റും |
| 4. മികച്ച സംവിധായകൻ | - | 5,000 രൂപ, ശിൽപം, സർട്ടിഫിക്കറ്റ് |
| 5. മികച്ച തിരക്കഥാകൃത്ത് | - | 5,000 രൂപ, ശിൽപം, സർട്ടിഫിക്കറ്റ് |
| 6. മികച്ച ഛായാഗ്രഹണം | - | 5,000 രൂപ, ശിൽപം, സർട്ടിഫിക്കറ്റ് |
| 7. മികച്ച എഡിറ്റിംഗ് | - | ശിൽപവും, സർട്ടിഫിക്കറ്റും |
| 8. മികച്ച പശ്ചാത്തലസംഗീതം | - | ശിൽപവും, സർട്ടിഫിക്കറ്റും |
| 9. മികച്ച സൗണ്ട് റെക്കോർഡിംഗ് | - | ശിൽപവും, സർട്ടിഫിക്കറ്റും |
| 10. മികച്ച സെറ്റ് ഡിസൈനിംഗ് | - | ശിൽപവും, സർട്ടിഫിക്കറ്റും |
| 11. മികച്ച ഗ്രാഫിക്സ്/ആനിമേഷൻ | - | ശിൽപവും, സർട്ടിഫിക്കറ്റും |
| 12. മികച്ച ഡബ്ബിംഗ്/നറേഷൻ | - | ശിൽപവും, സർട്ടിഫിക്കറ്റും |

**എഫ്). കുട്ടികൾക്കുവേണ്ടി നിർമ്മിച്ച സെക്കന്ററി വിഭാഗം**

| | | |
|---|---|---|
| 1. മികച്ച ഒന്നാമത്തെ ചിത്രം | - | 10,000 രൂപ, ശിൽപം, സർട്ടിഫിക്കറ്റ് |
| 2. മികച്ച രണ്ടാമത്തെ ചിത്രം | - | 5,000 രൂപ, ശിൽപം, സർട്ടിഫിക്കറ്റ് |
| 3. മികച്ച മൂന്നാമത്തെ ചിത്രം | - | ശിൽപവും സർട്ടിഫിക്കറ്റും |
| 4. മികച്ച സംവിധായകൻ | - | 5,000 രൂപ, ശിൽപം, സർട്ടിഫിക്കറ്റ് |
| 5. മികച്ച തിരക്കഥാകൃത്ത് | - | 5,000 രൂപ, ശിൽപം, സർട്ടിഫിക്കറ്റ് |
| 6. മികച്ച ഛായാഗ്രഹണം | - | 5,000 രൂപ, ശിൽപം, സർട്ടിഫിക്കറ്റ് |
| 7. മികച്ച എഡിറ്റിംഗ് | - | ശിൽപവും, സർട്ടിഫിക്കറ്റും |
| 8. മികച്ച പശ്ചാത്തലസംഗീതം | - | ശിൽപവും, സർട്ടിഫിക്കറ്റും |
| 9. മികച്ച സൗണ്ട് റെക്കോർഡിംഗ് | - | ശിൽപവും, സർട്ടിഫിക്കറ്റും |
| 10. മികച്ച സെറ്റ് ഡിസൈനിംഗ് | - | ശിൽപവും, സർട്ടിഫിക്കറ്റും |
| 11. മികച്ച ഗ്രാഫിക്സ്/ആനിമേഷൻ | - | ശിൽപവും, സർട്ടിഫിക്കറ്റും |
| 12. മികച്ച ഡബ്ബിംഗ്/നറേഷൻ | - | ശിൽപവും, സർട്ടിഫിക്കറ്റും |

**ജി). കുട്ടികൾക്കുവേണ്ടി നിർമ്മിച്ച സീനിയർസെക്കന്ററി വിഭാഗം**

| | | |
|---|---|---|
| 1. മികച്ച ഒന്നാമത്തെ ചിത്രം | - | 10,000 രൂപ, ശിൽപം, സർട്ടിഫിക്കറ്റ് |
| 2. മികച്ച രണ്ടാമത്തെ ചിത്രം | - | 5,000 രൂപ, ശിൽപം, സർട്ടിഫിക്കറ്റ് |
| 3. മികച്ച മൂന്നാമത്തെ ചിത്രം | - | ശിൽപവും സർട്ടിഫിക്കറ്റും |
| 4. മികച്ച സംവിധായകൻ | - | 5,000 രൂപ, ശിൽപം, സർട്ടിഫിക്കറ്റ് |
| 5. മികച്ച തിരക്കഥാകൃത്ത് | - | 5,000 രൂപ, ശിൽപം, സർട്ടിഫിക്കറ്റ് |
| 6. മികച്ച ഛായാഗ്രഹണം | - | 5,000 രൂപ, ശിൽപം, സർട്ടിഫിക്കറ്റ് |
| 7. മികച്ച എഡിറ്റിംഗ് | - | ശിൽപവും, സർട്ടിഫിക്കറ്റും |
| 8. മികച്ച പശ്ചാത്തലസംഗീതം | - | ശിൽപവും, സർട്ടിഫിക്കറ്റും |
| 9. മികച്ച സൗണ്ട് റെക്കോർഡിംഗ് | - | ശിൽപവും, സർട്ടിഫിക്കറ്റും |
| 10. മികച്ച സെറ്റ് ഡിസൈനിംഗ് | - | ശിൽപവും, സർട്ടിഫിക്കറ്റും |
| 11. മികച്ച ഗ്രാഫിക്സ്/ആനിമേഷൻ | - | ശിൽപവും, സർട്ടിഫിക്കറ്റും |
| 12. മികച്ച ഡബ്ബിംഗ്/നറേഷൻ | - | ശിൽപവും, സർട്ടിഫിക്കറ്റും |

**എച്ച്). കുട്ടികൾക്കുവേണ്ടി നിർമ്മിച്ച ബി.ആർ.സി വിഭാഗം**

| | | |
|---|---|---|
| 1. മികച്ച ഒന്നാമത്തെ ചിത്രം | - | 10,000 രൂപ, ശിൽപം, സർട്ടിഫിക്കറ്റ് |
| 2. മികച്ച രണ്ടാമത്തെ ചിത്രം | - | 5,000 രൂപ, ശിൽപം, സർട്ടിഫിക്കറ്റ് |
| 3. മികച്ച മൂന്നാമത്തെ ചിത്രം | - | ശിൽപവും സർട്ടിഫിക്കറ്റും |
| 4. മികച്ച സംവിധായകൻ | - | 5,000 രൂപ, ശിൽപം, സർട്ടിഫിക്കറ്റ് |
| 5. മികച്ച തിരക്കഥാകൃത്ത് | - | 5,000 രൂപ, ശിൽപം, സർട്ടിഫിക്കറ്റ് |
| 6. മികച്ച ഛായാഗ്രഹണം | - | 5,000 രൂപ, ശിൽപം, സർട്ടിഫിക്കറ്റ് |
| 7. മികച്ച എഡിറ്റിംഗ് | - | ശിൽപവും, സർട്ടിഫിക്കറ്റും |
| 8. മികച്ച പശ്ചാത്തലസംഗീതം | - | ശിൽപവും, സർട്ടിഫിക്കറ്റും |
| 9. മികച്ച സൗണ്ട് റെക്കോർഡിംഗ് | - | ശിൽപവും, സർട്ടിഫിക്കറ്റും |
| 10. മികച്ച സെറ്റ് ഡിസൈനിംഗ് | - | ശിൽപവും, സർട്ടിഫിക്കറ്റും |
| 11. മികച്ച ഗ്രാഫിക്സ്/ആനിമേഷൻ | - | ശിൽപവും, സർട്ടിഫിക്കറ്റും |
| 12. മികച്ച ഡബ്ബിംഗ്/നറേഷൻ | - | ശിൽപവും, സർട്ടിഫിക്കറ്റും |

**ഐ). <u>പൊതുവായ അവാർഡുകൾ (കുട്ടികൾ നിർമ്മിച്ച വിഭാഗം)</u>**

| | | |
|---|---|---|
| 1. മികച്ച സംവിധായകൻ | - | പി. രാമദാസ് അവാർഡ്, 10,000 രൂപ, ശിൽപം, സർട്ടിഫിക്കറ്റ് |
| 2. മികച്ച നടൻ | - | 10,000 രൂപ, ശിൽപം, സർട്ടിഫിക്കറ്റ് |
| 3. മികച്ച നടി | - | 10,000 രൂപ, ശിൽപം, സർട്ടിഫിക്കറ്റ് |

കൂടാതെ ഫിലിമുകളുടെ നിലവാരം അനുസരിച്ച് എ, ബി, സി എന്നീ ഗ്രേഡ് സർട്ടിഫിക്കറ്റുകളും നൽകുന്നതാണ്.

**ചലച്ചിത്രമേളയിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും പ്രത്യേക ശ്രദ്ധയ്ക്ക്,**

★ ചലച്ചിത്രമേളയിലേക്ക് പ്രവേശനം തികച്ചും സൗജന്യമാണ്.

★ ചലച്ചിത്രമേളയിൽ പങ്കെടുക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും എസ്.ഐ.ഇ.ടി ഉച്ചഭക്ഷണം നൽകുന്നതാണ്.

★ എന്നാൽ TA/DA, താമസ സൗകര്യം എന്നിവ നൽകുന്നതല്ല.

★ ചലച്ചിത്രമേളയിൽ പങ്കെടുക്കുന്നവർ സ്വന്തം ചെലവിൽ താമസസൗകര്യം കണ്ടെത്തേണ്ടതാണ്.

★ ചലച്ചിത്രമേളയിൽ പങ്കെടുക്കുന്ന എല്ലാ വിദ്യാർത്ഥികളും അധ്യാപകരും നിർബന്ധമായും പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

★ ചലച്ചിത്രമേളയുടെ ആദ്യദിവസം പേര് രജിസ്റ്റർ ചെയ്തവർ മറ്റുദിവസങ്ങളിൽ രജിസ്റ്റർ ചെയ്യേണ്ടതില്ല.

★ ചലച്ചിത്രമേളയിലും ചലച്ചിത്ര നിർമ്മാണ ശിൽപശാലയിലും പങ്കെടുക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ ടെക്നോളജി പാർട്ടിസിപ്പേഷൻ സർട്ടിഫിക്കറ്റുകൾ നൽകുന്നതാണ്.

★ പേര് രജിസ്റ്റർ ചെയ്യുന്ന അധ്യാപകർക്കും വിദ്യാർത്ഥികൾക്കും മാത്രമേ പാർട്ടിസിപ്പേഷൻ സർട്ടിഫിക്കറ്റ് നൽകുകയുള്ളൂ.

★ സമാപനദിവസം സമ്മാനദാനചടങ്ങിൽ സർട്ടിഫിക്കറ്റുകളും ശിൽപവും ഏറ്റുവാങ്ങുന്ന വിദ്യാർത്ഥികളും അധ്യാപകരും സർട്ടിഫിക്കറ്റുകളിലെ പേരുകൾ പരിശോധിച്ച് അത് ശരിയാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

★ സർട്ടിഫിക്കറ്റുകളിൽ തെറ്റുണ്ടെങ്കിൽ അന്നുതന്നെ എസ്.ഐ.ഇ.ടി അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്..

★ ഏതെങ്കിലും കാരണവശാൽ സർട്ടിഫിക്കറ്റുകൾ കൈമോശം വന്നാൽ ആ പരാതി എസ്.ഐ,ഇ.ടി സ്വീകരിക്കുന്നതല്ല.

★ ഫെസ്റ്റിവലിനെ സംബന്ധിച്ച് എസ്.ഐ.ഇ.ടിയുടെയും, അവാർഡിനെ സംബന്ധിച്ച് ജൂറിയുടെയും തീരുമാനം അന്തിമമായിരിക്കും.

**ഡയറക്ടർ**
എസ്.ഐ.ഇ.ടി കേരള

തിരുവനന്തപുരം
28.07.11